"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി ഓഫ് സ്കൂൾസ് കോട്ടയം അതിരൂപത, കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4342/2025/GEDN തീയതി,തിരുവനന്തപുരം, 01-07-2025

---

പരാമർശം:-

1. കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി ഓഫ് സ്കൂൾസ് കോട്ടയം അതിരൂപത, കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച 07.09.2024-ലെ റിവിഷൻ ഹർജി.
2. കടുത്തുരുത്തി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 01.11.2024-ലെ DEOKTY/1664/2023-B3 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07.11.2024-ലെ ഇ.റ്റി2/ 20292/2024/ഡി.ജി.ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി ഓഫ് സ്കൂൾസ് കോട്ടയം അതിരൂപത, കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കുന്നതിലേക്കായി ഹർജിക്കാരന്റെ പ്രതിനിധിയെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 14.11.2024-ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2) <u>നേരിൽ കേട്ട വേളയിൽ ഹർജിക്കാരനായ മാനേജർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു</u>

കോട്ടയം ജില്ലയിലെ കടുത്തുരുത്തി വിദ്യാഭ്യാസ ജില്ലയിലുള്ള സെന്റ് മൈക്കിൾസ് എച്ച്.എസ്.എസ്. കടുത്തുരുത്തിയിലേക്ക് ശ്രീമതി. മിനി മാത്യു ന് പ്രൊമോഷൻ ലഭിച്ച ഒഴിവിലാണ് ജോജി ജോസഫ് 29.07.2021 മുതൽ എസ്.എച്ച്.യു.പി.എസ്. പാദമുഖത്ത് നിയമിതനായത്. ശ്രീമതി മിനി മാത്യുവിന്റെ ഫുൾ ടൈം ഹിന്ദി നിയമനം അംഗീകരിച്ച ഉത്തരവ് ഹാജരാക്കിയിട്ടില്ല. ഈ നിയമനം നടത്തിയിരിക്കുന്ന ഒഴിവിന്റെ ഉത്ഭവം എങ്ങനെ എന്ന് മാനേജർ വ്യക്തമാക്കിയിട്ടില്ല. കെ.ഇ.ആർ അധ്യായം XXI ചട്ടം 7(5) പ്രകാരം പുതിയ സ്കൂളുകളിൽ സംരക്ഷിതാധ്യാപകൻ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ പ്രസ്തുത സ്കൂളിലെ മറ്റ് നിയമനങ്ങൾക്ക് അംഗീകാരം നൽകാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കെ.ഇ.ആർ അധ്യായം XIV A ചട്ടം (1) പ്രകാരമുള്ള അവകാശികൾ ഉണ്ടോ ഇല്ലയോ എന്നുള്ള വിവരം മാനേജർ അറിയിച്ചിട്ടില്ല. മദ്രാസ് ദക്ഷിണ ഭാരത് ഹിന്ദി പ്രചാർ സഭയിൽ നിന്നുമുള്ള ഹിന്ദി

വിശാരദ് സർട്ടിഫിക്കറ്റിന്റെ നിജസ്ഥിതി അറിയിച്ചിട്ടില്ല, എന്നീ കാരണങ്ങളാൽ നിരസിക്കപ്പെട്ടിരുന്നു. ഇതിൽ ശ്രീമതി മിനി മാത്യുവിന്റെ ഫുൾ ടൈം ഹിന്ദി നിയമനം അംഗീകരിച്ച ഉത്തരവ് ഹാജരാക്കിയിട്ടില്ല, എന്നതൊഴികെ എല്ലാന്യൂനതകളും പരിഹരിച്ചു. നാളുകളായി ജോജി ജോസഫ്-ന്റെ നിയമനം ഡി.ജി.ഇ സമന്വയയിൽ നിരസിച്ചു കിടക്കുകയാണ്. ഉത്തരവ് അപ്‌ലോഡ് ആയിട്ടില്ല. ജോജി ജോസഫ്-ന് നിർദ്ദിഷ്ട യോഗ്യതകൾ, പ്രായപരിധി എന്നിവ ഉണ്ട്. എസ്.എച്ച്.യു.പി.എസ്. പാദമുഖം ന്യൂ സ്കൂൾ ആയതിനാൽ സംരക്ഷിതാധ്യാപികയായ ശ്രീമതി വീണ.വി. നായർ ജോയിൻ ചെയ്തിട്ടുണ്ട്. മിനി മാത്യുവിന്റെ നിയമനം അംഗീകരിച്ച ഉത്തരവ് ലഭിച്ചിട്ടില്ല. ആയതു കെ-ടെറ്റ് യോഗ്യത നേടിയ 01.02.2023 മുതൽ അനുവദിക്കാൻ ഡിജിഇ ഉത്തരവായിട്ടുണ്ട്. 15.07.2021 മുതൽ 31.01.2023 വരെ ഒരു വർഷം, ആറു മാസം, പതിനാറു ദിവസം ലോവർ സ്കെയിൽ, ലാവണം മാത്രം സെന്റ് മൈക്കിൾസ് എച്ച്.എസ്.എസ്. കടുത്തുരുത്തിയിൽ അനുവദിക്കുന്നതു സംബന്ധിച്ചാണ് 14.11.2024-ൽ ഹിയറിംഗ് നടക്കുന്നത്. ഇത് അനുവദിച്ചു കിട്ടിയാൽ മാത്രമേ 29.07.2021 മുതലുള്ള ജോജി സോഫിന്റെ നിയമനം അംഗീകരിക്കാൻ സാധിക്കുകയുള്ളൂ. ടിയാന്റെ ജീവിത സാഹചര്യം വിവരിച്ചിരിക്കുന്നത് സത്യവും ശരിയുമാണ്. എനിക്ക് നേരിട്ട് അറിവുള്ളതാണ്. നിയമന തീയതി 01.02.2023-ലേക്ക് മാറിയാൽ ഭിന്നശേഷിയുടെ പ്രശ്നം മൂലം ദിവസവേതനാടിസ്ഥാനത്തിലാകും അംഗീകാരം. കോർപ്പറേറ്റ് മാനേജ്മെന്റ് ആയതിനാൽ നിയമന തീയതി മാറ്റിയാൽ 29.07.2021 മുതലുള്ള ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) (പാർട്ട് ടൈം) നിയമനങ്ങൾ പുനഃക്രമീകരിക്കേണ്ടിവരും. ഇതു വിദ്യാഭ്യാസ ഓഫീസുകളുടെ ജോലി ഭാരം വർദ്ധിപ്പിക്കും. 15.07.2021 മുതൽ 31.01.2023 വരെ ഒരു വർഷം, ആറു മാസം, പതിനാറു ദിവസം മിനി മാത്യു സെന്റ് മൈക്കിൾസ് എച്ച്.എസ്.എസ് കടുത്തുരുത്തിയിലെ ഇതേ തസ്തികയിൽ ജോലി ചെയ്തു. 15.07.2021 മുതൽ 31.01.2023 വരെ ടിയാളുടെ ലോവർ സ്കെയിൽ, ലാവണം മാത്രം സെന്റ് മൈക്കിൾസ് എച്ച്.എസ്.എസ് കടുത്തുരുത്തിയിൽ അനുവദിച്ച് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു. ഇത് പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവ് നമ്പർ 233223/J1/GEDN തീയതി 06.11.1989, സ.ഉ.(സാധാ) നം.1718/2021/പൊവിവ തീയതി 18.02.2021 എന്നിവ പ്രകാരം അനുവദനീയമാണ്. കാരണം സെന്റ് മൈക്കിൾസ് എച്ച്.എസ്.എസ് കടുത്തുരുത്തിയിൽ നിന്നും 15.07.2021 മുതൽ സ്ഥാനകയറ്റം വഴി ഉഴവൂർ ഒ.എൽ.എൽ ഹൈസ്കൂളിലേയ്ക്കു നിയമിച്ച എം.സി മേരിയുടെ നിയമനം ഉത്തരവ് നമ്പർ B4/711254/2024 തീയതി 10.07.2024 പ്രകാരം ഡിഇഒ പാല അംഗീകരിച്ചിട്ടുണ്ട്. അതിനാൽ കടുത്തുരുത്തിയിൽ ലാവണം ലഭ്യമാണ്. മിനി മാത്യുവിന്റെ മാതൃ ലാവണമായ പടമുഖം സേക്രട്ട് ഹാർട്ട് യു.പി സ്കൂളിലെ എൽ.ജി പി.റ്റി ഹിന്ദി ടീച്ചർ തസ്തികയിൽ ജോലി ചെയ്തുവരുന്ന ജോജി ജോസഫിനെ അവിടെ ഉൾകൊള്ളിച്ച് അംഗീകരിക്കുവാൻ ഇത്തരമൊരു തീരുമാനം സഹായകമാകും. അനുകൂലമായ ഉത്തരവിനായി സവിനയം അപേക്ഷിക്കുന്നു.

3) നേരിൽ കേട്ട വേളയിൽ ശ്രീമതി മിനി മാത്യു ചുവടെ ചേർക്കും പ്രകാരം വാദിച്ചു.

01.06.2012 മുതൽ 2019-2020 അധ്യയന വർഷം വരെ എയിഡഡ് സ്കൂളുകളിൽ നിയമിതരായവരും കെ-ടെറ്റ് യോഗ്യത നേടാത്തവരുമായ അദ്ധ്യാപകർക്കും കെ-ടെറ്റ് യോഗ്യത നേടുന്നതിന് അവസാന അവസരം എന്ന നിലയ്ക്ക് 2023 ജൂണിൽ കെ-ടെറ്റ് പരീക്ഷ നടത്തുന്ന തീയതി വരെ പ്രസ്തുത പരീക്ഷ പാസാകുന്നതിന് ഇളവ് അനുവദിച്ചുകൊണ്ട് 17.02.2023 തീയതിയിലെ സ.ഉ(കൈ) 15/23/പൊ.വി. പ്രകാരം സർക്കാർ ഉത്തരവു

പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ തന്നെ സർക്കാർ അനുവദിക്കുന്ന ഇളവ് കാലയളവിനുള്ളിൽ കെ-ടെറ്റ് യോഗ്യത ആർജ്ജിച്ചിട്ടുള്ള പക്ഷം അവരെ KER അധ്യായം XIV-A ചട്ടം 3 ൽ അനുശാസിക്കുന്ന തരത്തിൽ തന്നെ നിയമനരീതിയിൽ നിർദ്ദിഷ്ടയോഗ്യത ഉള്ളവരായി കണക്കാക്കി അവരുടെ പ്രൊബേഷൻ ഡിക്ലറേഷൻ ഇൻക്രിമെന്റ് എന്നിവ KER അധ്യായം XIV-A യിലെ ബന്ധപ്പെട്ട ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പരിഗണിച്ച് തീർപ്പാക്കാൻ ഉത്തരവായിട്ടുള്ളതാണ്. എന്റെ നിയമനം 01.06.2016 ൽ പി.റ്റി.എൽ.ജി (ഹിന്ദി) ആയിട്ടാണ് ആരംഭിച്ചിട്ടുള്ളത്. അതിനാൽ തന്നെ G.O (MS) 15/23/G.EDN dt.17.2.23 പ്രകാരം 2023 ജൂൺ മാസത്തിലെ കെ-ടെറ്റ് പരീക്ഷ തീയതി വരെ എനിക്ക് കെ-ടെറ്റ് പരീക്ഷ വിജയിക്കാൻ ഇളവിന് അർഹതയുള്ളതാണ്. ഞാൻ മേൽപറഞ്ഞ ഇളവ് കാലയളവിനുള്ളിൽ, 01.02.23-ൽ കെ-ടെറ്റ് പരീക്ഷ പാസ്സായിട്ടുള്ളതാണ്. അതിനാൽ മേൽപറഞ്ഞ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളിലെ പാര(3) പ്രകാരം എന്റെ പി.റ്റി.എൽ.ജി (ഹിന്ദി) അധ്യാപിക നിയമന തീയതിയായ 01.06.2016 മുതൽ നിർദ്ദിഷ്ട യോഗ്യത നേടിയിട്ടുള്ളതായി പരിഗണിക്കപ്പെടുന്നതാണ്. അതുകൊണ്ടുതന്നെ KER അധ്യായം XIV -A Rule 43 അനുസരിച്ചുള്ള എന്റെ 15.07.2021 മുതലുള്ള എൽ.ജി. (ഹിന്ദി) പ്രമോഷൻ നിയമനം നിർദ്ദിഷ്ട കെ-ടെറ്റ് യോഗ്യത പി.റ്റി.എൽ.ജി (ഹിന്ദി) നിയമന തിയതിയായ 01.06.2016 മുതൽ നേടിയിട്ടുള്ളതായി പരിഗണിക്കപ്പെടുന്നതിനാൽ അംഗീകരിച്ച് ലഭിക്കേണ്ടതാണ്. 01.06.2012 നുശേഷം നിയമനം നേടിയവരിൽ കെ-ടെറ്റ് ഇളവിന് അർഹതയില്ലാത്തവർക്ക്, ഉയർന്ന തസ്തികയ്ക്ക് ആവശ്യമായ കെ-ടെറ്റ് ഉൾപ്പടെയുള്ള നിശ്ചിതയോഗ്യതകൾ ഇല്ലായെങ്കിൽ പ്രൊമോഷൻ അനുവദിക്കേണ്ടതില്ലെന്ന് ആണ് G.O(MS)15/23 GEdn ലും തീയതി. 17.02.2023 ലെ നിർദ്ദേശങ്ങളിൽ പാര 5 ൽ വ്യക്തമാക്കിയിട്ടുള്ളത്. ഇവിടെ എന്റെ പി.റ്റി.എൽ.ജി (ഹിന്ദി) തസ്തികയിലെ നിയമനം 01.06.2016 മുതലുള്ളതിനാലും കെ-ടെറ്റ് ഇളവിൽ അർഹതയുള്ളതിനാലും പ്രൊമോഷന് അർഹതയുള്ളതുമാണ്. അതുകൊണ്ട് തന്നെ എന്റെ പ്രൊമോഷൻ നിലവിലുള്ള ഗവ. ഉത്തരവുകൾക്ക് ചട്ടങ്ങൾക്കും അനുസരണമാണ്. എന്റെ പി.റ്റി.എൽ.ജി. (ഹിന്ദി) നിയമനം 01.06.2016 മുതലുള്ളതാകയാൽ മേൽ പറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരം കെ-ടെറ്റ് യോഗ്യത നോടാൻ 6/23 വരെ ഇളവിന് അർഹതയുള്ളതും, ഞാൻ 01.02.2023ൽ (മേൽപ്പറഞ്ഞ ഇളവു കാലയളവിനുള്ളിൽ) കെ-ടെറ്റ് യോഗ്യത നേടിയിട്ടുള്ളതുമാകയാൽ 01.06.2016 മുതൽ ടി യോഗ്യത നേടിയതായി കണക്കാക്കി പി.റ്റി.എൽ.ജി. (ഹിന്ദി) അധ്യാപിക സർവ്വീസ് ക്രമീകരിച്ചു ലഭിക്കുന്നതിനാൽ എന്റെ 15.07.2021 മുതലുള്ള എൽ.ജി. (ഹിന്ദി) അധ്യാപിക നിയമനം അംഗീകരിച്ചു ലഭിക്കുന്നതിനുള്ള ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

4) <u>നേരിൽ കേട്ട വേളയിൽ ശ്രീ ജോജി ജോസഫ് ചുവടെ ചേർക്കും പ്രകാരം വാദിച്ചു.</u>

കോട്ടയം ജില്ലയിലെ കടുത്തുരുത്തി വിദ്യാഭ്യാസ ജില്ലയിലുള്ള സെന്റ് മൈക്കിൾസ് എച്ച്.എസ്.എസ്. കടുത്തുരുത്തിയിലേയ്ക്ക് ശ്രീമതി. മിനി മാത്യുവിന് പ്രൊമോഷൻ ലഭിച്ച ഒഴിവിലാണ് ഞാൻ 29.07.2021 മുതൽ എസ്.എച്ച്.യു.പി.എസ്. പാദമുഖത്ത് ജോലി ചെയ്യുന്നത്. എനിക്ക് നിർദ്ദിഷ്ട യോഗ്യതകൾ, പ്രയപരിധി എന്നിവ ഉണ്ട്. എസ്.എച്ച്.യു.പി.എസ്. പാദമുഖം "ന്യൂ സ്കൂൾ" ആയതിനാൽ സംരക്ഷിതാധ്യാപികയായ ശ്രീമതി വീണ.വി. നായർ ജോയിൻ ചെയ്തിട്ടുണ്ട്. മിനി മാത്യുവിന്റെ നിയമനം അംഗീകരിച്ച ഉത്തരവ് ലഭിച്ചിട്ടില്ല. ആയതു കെ-ടെറ്റ്

യോഗ്യത നേടിയ 01.02.2023 മുതൽ അനുവദിക്കാൻ ഡിജിഇ ഉത്തരവായിട്ടുണ്ട്. 15.07.2021 മുതൽ 31.01.2023 വരെ ഒരു വർഷം, ആറു മാസം, പതിനാറു ദിവസം ലോവർ സ്കെയിൽ, ലാവണം മാത്രം സെന്റ് മൈക്കിൾസ് എച്ച്.എസ്.എസ്. കടുത്തുരുത്തിയിൽ അനുവദിക്കുന്നതു സംബന്ധിച്ചാണ് 14.11.2024, 02.30 ന് ഗൂഗിൾ മീറ്റ് വഴി നടക്കുന്ന ഹിയറിംഗ് നടക്കുന്നത്. ഇത് അനുവദിച്ചു കിട്ടിയാൽ മാത്രമേ 29.07.2021 മുതലുള്ള എന്റെ നിയമനം അംഗീകരിക്കാൻ സാധിക്കുകയുള്ളൂ നിയമന തീയതി 01.02.2023 ലേയ്ക്കു മാറിയാൽ ഭിന്നശേഷിയുടെ പ്രശ്നം മൂലം ദിവസവേതനാടിസ്ഥാനത്തിലാകും അംഗീകാരം. 15.07.2021 മുതൽ 31.01.2023 വരെ ഒരു വർഷം, ആറു മാസം, പതിനാറു ദിവസം മിനി മാത്യു സെന്റ് മൈക്കിൾസ് എച്ച്.എസ്.എസ്. കടുത്തുരുത്തിയിൽ ജോലി ചെയ്തു. 15.07.2021 മുതൽ 31.01.2023 വരെ ടിയാളുടെ ലാവണം മാത്രം ലോവർ സ്കെയിലിൽ, സെന്റ് മൈക്കിൾസ് എച്ച്.എസ്.എസ്. കടുത്തുരുത്തിയിൽ അനുവദിച്ച് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു. ഇത് പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവ് നമ്പർ 233223/J1/GEDN തീയതി 06.11.1989, സ.ഉ.(സാധാ)നം.1718/2021/പൊവിവ തീയതി 18.02.2021 എന്നിവ പ്രകാരം അനുവദനീയമാണ്. കാരണം സെന്റ് മൈക്കിൾസ് എച്ച്.എസ്.എസ്. കടുത്തുരുത്തിയിൽ നിന്നും 15.07.2021 മുതൽ സ്ഥാനകയറ്റം വഴി ഉഴവൂർ ഒ.എൽ.എൽ ഹൈസ്കൂളിലേയ്ക്കു നിയമിച്ച എം.സി. മേരിയുടെ നിയമനം ഉത്തരവ് നമ്പർ B4/711254/2024 തീയതി 10.07.2024 പ്രകാരം ഡി.ഇ.ഒ പാല അംഗീകരിച്ചിട്ടുണ്ട്. അതിനാൽ കടുത്തുരുത്തിയിൽ ലാവണം ലഭ്യമാണ്. ടിയാളുടെ മാതൃ ലാവണമായ പടമുഖം സേക്രട്ട് ഹാർട്ട് യു.പി സ്കൂളിലെ എൽ.ജി. പി.റ്റി. ഹിന്ദി ടീച്ചർ തസ്തികയിൽ ജോലി ചെയ്തുവരുന്ന എന്നെ അവിടെ ഉൾകൊള്ളിച്ച് അംഗീകരിക്കുവാൻ ഇത്തരമൊരു തീരുമാനം സഹായകമാകും. അനുകൂലമായ ഉത്തരവിനായി സവിനയം അപേക്ഷിക്കുന്നു.

5) <u>ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തു.</u>

സെന്റ് മൈക്കിൾസ് എച്ച്.എസ് കടുത്തുരുത്തിയിലെ എൽ.ജി.(ഹിന്ദി) അധ്യാപികയായ ശ്രീമതി മേരി.എം.സി., ഉഴവൂർ ഒ.എൽ.എൽ.ഹൈസ്കൂളിലേക്ക് എച്ച്.എസ്.റ്റി ആയി സ്ഥാനക്കയറ്റം ലഭിച്ചു പോയ ഒഴിവിൽ പടമുഖം സേക്രട്ട് ഹാർട്ട് യു.പി.സ്കൂളിലെ പാർട്ട് ടൈം എൽ.ജി.(ഹിന്ദി) അധ്യാപിക ആയിരുന്ന ശ്രീമതി.മിനി മാത്യുവിനെ 15.07.2021 മുതൽ മാനേജർ സ്ഥാനക്കയറ്റം നൽകി 35600-75400 ശമ്പള സ്കെയിലിൽ നിയമിച്ചു. ശ്രീമതി മേരി എം.സി-യുടെ പ്രൊമോഷൻ നിയമനം അംഗീകരിച്ച ഉത്തരവ് ഹാജരാക്കിയിട്ടില്ല, കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ല എന്നീ കാരണങ്ങളാൽ ശ്രീമതി മിനി മാത്യുവിന്റെ നിയമനം കടുത്തുരുത്തി ജില്ലാ വിദ്യാഭ്യാസ ആഫീസർ മടക്കി നൽകിയിരുന്നു. തുടർന്ന് 29.05.2024 തീയതിയിൽ നിയമനാംഗീകാര അപേക്ഷ ഓൺലൈൻ ആയി മാനേജർ, പുനർസമർപ്പിക്കുകയും, ശ്രീമതി മേരി എം.സി യുടെ പ്രൊമോഷൻ നിയമനം അംഗീകരിച്ച ഉത്തരവും ശ്രീമതി മിനി മാത്യുവിന്റെ കെ-ടെറ്റ് സർട്ടിഫിക്കറ്റും ഹാജരാക്കുകയും ചെയ്തതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ടിയാൾ കെ-ടെറ്റ് യോഗ്യത നേടിയിരിക്കുന്നത് 01.02.2023 ലാണ്. എന്നാൽ മാനേജർ നിയമനം നടത്തിയിരിക്കുന്നത് 15.07.2021 മുതലാണ്. മേൽ സാഹചര്യത്തിൽ കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം 14 എ ചട്ടം 8(3) പ്രകാരം സെന്റ് മൈക്കിൾസ് എച്ച്.എസ് കടുത്തുരുത്തിയിലെ എൽ.ജി.(ഹിന്ദി) അധ്യാപികയായ ശ്രീമതി മേരി എം.സി. ഉഴവൂർ ഒ.എൽ.എൽ.ഹൈസ്കൂളിലേക്ക് എച്ച്.എസ്.റ്റി ആയി സ്ഥാനക്കയറ്റം ലഭിച്ചു പോയ ഒഴിവിൽ

മാനേജർ നിയമിച്ച പടമുഖം സേക്രട്ട് ഹാർട്ട് യു.പി.സ്കൂളിലെ പാർട്ട് ടൈം എൽ.ജി.(ഹിന്ദി) അധ്യാപിക ആയിരുന്ന ശ്രീമതി മിനി മാത്യുവിന്റെ 15.07.2021 മുതലുള്ള നിയമനം കടുത്തുരുത്തി ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചു നൽകിയിരുന്നു. ഇതിനെതിരെ മാനേജർ കോട്ടയം വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കുകയും നിയമന തീയതിയായ 15.07.2021 ൽ ടിയാൾക്ക് ടി തസ്തികയ്ക്ക് ആവശ്യമായ കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ലാത്ത കാരണത്താൽ കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർ അപ്പീൽ നിരസിച്ചു നൽകുകയും ചെയ്തു. ശ്രീമതി മിനി മാത്യുവിന്റെ 15.07.2021 മുതലുള്ള നിയമനം കടുത്തുരുത്തി ജില്ലാ വിദ്യാഭ്യാസ ഓഫീസറും കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറും നിരസിച്ചതിനെതിരെ മാനേജർ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ റിവിഷൻ അപ്പീൽ സമർപ്പിച്ചു. ശ്രീമതി മിനി മാത്യു കെ-ടെറ്റ് യോഗ്യത നേടിയിരിക്കുന്നത് 01.02.2023 ലും മാനേജർ നിയമനം നടത്തിയിരിക്കുന്നത് 15.07.2021-ലുമാണ്. ടിയാൾക്ക് ഫുൾ ടൈം റെഗുലർ പോസ്റ്റിലേക്ക് പ്രമോഷൻ നൽകുന്ന തീയതിയിൽ ടി അധ്യാപിക കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ല. എന്നാൽ, ശ്രീമതി മിനി മാത്യു 01.02.2023 തീയതി കെ-ടെറ്റ് യോഗ്യത നേടിയതായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നതിനാലും മാതൃ അധ്യാപികയായ ശ്രീമതി മേരി എം.സി-യുടെ സ്ഥാനക്കയറ്റ നിയമനം പാലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുള്ളതിനാൽ ഒഴിവ് വ്യവസ്ഥാപിതമാണ് എന്നതിനാലും കടുത്തുരുത്തി സെന്റ് മൈക്കിൾസ് ഹൈസ്കൂളിലെ എൽ.ജി.(ഹിന്ദി) തസ്തികയിലെ ശ്രീമതി മിനി മാത്യുവിന്റെ സ്ഥാനക്കയറ്റം ടിയാൾ കെ-ടെറ്റ് യോഗ്യത നേടിയ 01.02.2023 തീയതി മുതൽ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരവും യോഗ്യവുമെങ്കിൽ അംഗീകരിക്കുന്നതിന് കടുത്തുരുത്തി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നിർദേശം നൽകി മാനേജർ സമർപ്പിച്ച റിവിഷൻ അപ്പീൽ തീർപ്പാക്കി 06.09.2024 ലെ ഇ.റ്റി.2/762929/2024/ഡി.ജി.ഇ നം. ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി മിനി മാത്യുവിന്റെ സ്ഥാനക്കയറ്റ നിയമനം 01.02.2023 തീയതി മുതൽ അംഗീകരിക്കുന്നതിന് ആവശ്യമായ എല്ലാ രേഖകളും 01.02.2023 തീയതിയിലേതാക്കി മാറ്റി സമർപ്പിക്കുവാൻ മാനേജർക്ക് നിർദേശം നൽകിയെങ്കിലും മാനേജർ സമർപ്പിക്കാതിരുന്ന സാഹചര്യത്തിൽ ശ്രീമതി മിനി മാത്യുവിന്റെ കടുത്തുരുത്തി സെന്റ് മൈക്കിൾസ് ഹൈസ്കൂളിലെ എൽജി ഹിന്ദി തസ്തികയിലെ നിയമനം തീയതി 10.02.2025 പ്രകാരം നിരസിച്ചു നൽകി. ശ്രീമതി മിനി മാത്യുവിന്റെ ഫുൾടൈം എൽ.ജി ഹിന്ദി സ്ഥാനക്കയറ്റം അംഗീകരിക്കുകയും ഒഴിവ് സ്ഥാപിതമാകുകയും ചെയ്യുന്ന മുറയ്ക്ക് ശ്രീ. ജോജി ജോസഫിന്റെ എൽ.ജി ഹിന്ദിപാർട്ട് ടൈം തസ്തികയിലെ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചു നൽകുവാൻ കട്ടപ്പന ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കടുത്തുരുത്തി സെന്റ് മൈക്കിൾസ് ഹൈസ്കൂളിൽ നിലവിൽ ഫുൾടൈം ജൂനിയർ ലാംഗ്വേജ് ഹിന്ദി (എൽ.ജി ഹിന്ദി) തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. കടുത്തുരുത്തി സെന്റ് മൈക്കിൾസ് ഹൈസ്കൂളിലെ തസ്തിക നിർണ്ണയ ഉത്തരവുകൾ പ്രകാരം, ശ്രീമതി.മിനി മാത്യുവിന് ലോവർ സ്കെയിൽ ലാവണം അനുവദിച്ചു നൽകുവാൻ നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന കാലയളവിലും (15.07.2021 മുതൽ 31.01.2023 വരെ) ടി സ്കൂളിൽ ഫുൾ ടൈം തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ടിയാൾക്ക് ലോവർ സ്കെയിൽ ലാവണം അനുവദിക്കുന്നതിനാവശ്യമായ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ഹിന്ദി തസ്തിക കടുത്തുരുത്തി സെന്റ് മൈക്കിൾസ് ഹൈസ്കൂളിൽ ലഭ്യമല്ലെന്ന വിവരവും ടി സാഹചര്യത്തിൽ 15.07.2021 മുതൽ 31.01.2023 വരെ ശ്രീമതി മിനി മാത്യുവിന്റെ ലോവർ സ്കെയിൽ ലാവണം കടുത്തുരുത്തി

സെന്റ് മൈക്കിൾസ് ഹൈസ്കൂളിൽ ക്രമീകരിച്ചു നൽകുവാൻ സാധിക്കുകയില്ല.

6) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ചു. കട്ടുത്തുരുത്തി സെന്റ് മൈക്കിൾസ് ഹൈസ്കൂളിൽ നിലവിൽ ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ഹിന്ദി (എൽ.ജി ഹിന്ദി) തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. കട്ടുത്തുരുത്തി സെന്റ് മൈക്കിൾസ് ഹൈസ്കൂളിലെ തസ്തിക നിർണ്ണയ ഉത്തരവുകൾ പ്രകാരം, ശ്രീമതി മിനി മാത്യുവിന് ലോവർ സ്കെയിൽ ലാവണം അനുവദിച്ചു നൽകുവാൻ നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന കാലയളവിലും (15.07.2021 മുതൽ 31.01.2023 വരെ) ടി സ്കൂളിൽ ഫുൾ ടൈം തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ടിയാൾക്ക് ലോവർ സ്കെയിൽ ലാവണം അനുവദിക്കുന്നതിനാവശ്യമായ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ഹിന്ദി തസ്തിക കട്ടുത്തുരുത്തി സെന്റ് മൈക്കിൾസ് ഹൈസ്കൂളിൽ ലഭ്യമല്ല. ടി സാഹചര്യത്തിൽ 15.07.2021 മുതൽ 31.01.2023 വരെ ശ്രീമതി മിനി മാത്യുവിന്റെ ലോവർ സ്കെയിൽ ലാവണം കട്ടുത്തുരുത്തി സെന്റ് മൈക്കിൾസ് ഹൈസ്കൂളിൽ ക്രമീകരിച്ചു നൽകണം എന്ന ആവശ്യം പരിഗണനാർഹമല്ല. ടി സാഹചര്യത്തിൽ, ശ്രീമതി. മിനി മാത്യുവിന്റെ സ്ഥാനക്കയറ്റ നിയമനം കെ-ടെറ്റ് നേടിയ തീയതിയായ 01.02.2023 മുതൽ മാത്രമേ അംഗീകാരയോഗ്യമാകുന്നുള്ളു. ആയതിനാൽ ശ്രീ. ജോജി ജോസഫിനെ നിയമിച്ചിരിക്കുന്ന ഒഴിവും പ്രസ്തുത തീയതിമുതൽ മാത്രമേ വ്യവസ്ഥാപിതമാകുകയുള്ളു. ആയതിനാൽ 29.07.2021 മുതലുള്ള നിയമനം അംഗീകരിക്കണമെന്ന ശ്രീ. ജോജി ജോസഫിന്റെ ആവശ്യവും പരിഗണനാർഹമല്ല.

7) മേൽ സാഹചര്യത്തിൽ ശ്രീമതി. മിനി മാത്യുവിന്റെ സ്ഥാനക്കയറ്റ നിയമനം 01.02.2023 തീയതി മുതൽ അംഗീകരിക്കുന്നതിന് ആവശ്യമായ എല്ലാ രേഖകളും 01.02.2023 തീയതിയിലേതാക്കി മാനേജർ മാറ്റി സമർപ്പിക്കുന്ന മുറയ്ക്ക് ടിയാൾ കെ.ടെറ്റ് യോഗ്യത നേടിയ 01.02.2023 തീയതി മുതൽ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുന്നതിന് കട്ടുത്തുരുത്തി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും, ശ്രീമതി മിനി മാത്യുവിന്റെ ഫുൾടൈം LG ഹിന്ദി സ്ഥാനക്കയറ്റം അംഗീകരിയ്ക്കുകയും ഒഴിവ് വ്യവസ്ഥാപിതമാകുകയും ചെയ്യുന്ന മുറയ്ക്ക് ശ്രീ. ജോജി ജോസഫിന്റെ എൽ.ജി ഹിന്ദിപാർട്ട് ടൈം തസ്തികയിലെ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ഒഴിവ് വ്യവസ്ഥാപിതമാകുന്ന 01.02.2023 മുതൽ അംഗീകരിക്കുന്നതിന് കട്ടപ്പന ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും നിർദ്ദേശം നൽകിക്കൊണ്ടും, അപ്രകാരം പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, കോട്ടയം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കട്ടുത്തുരുത്തി.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കട്ടപ്പന.

കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി ഓഫ് സ്കൂൾസ് കോട്ടയം അതിരൂപത, ചൈതന്യ പാസ്റ്ററൽ സെന്റർ, തെള്ളകം, തെള്ളകം പി.ഒ, കോട്ടയം - 686630.
ശ്രീമതി.മിനി മാത്യു, എൽ.ജി ഹിന്ദി ടീച്ചർ, മേരിലാന്റ് എച്ച്.എസ്. മടമ്പം, കണ്ണൂർ - 670631
ശ്രീ. ജോജി ജോസഫ്, ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി)(പാർട്ട് ടൈം) എസ്.എച്ച്.യു.പി.എസ് പടമുഖം, ഇടുക്കി.- 685604
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 01-07-2025 10:53:56
സെക്ഷൻ ഓഫീസർ